ചോദിക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഏറ്റവുമൊടുവിൽ ഓഗസ്റ്റ് മാസം 17-ാം തീയതി ഇതുസംബന്ധിച്ച് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അതനുസരിച്ച് 2016 ജനുവരി 1 മുതൽ 2016 ഡിസംബർ 31 വരെയുണ്ടാകാൻ സാദ്ധ്യതയുള്ള തസ്തികകൾ കണക്കാക്കി അതുകൂടി യഥാസമയം റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അത്രമാത്രം റാങ്ക് ലിസ്റ്റിൽപ്പെട്ടവരുടെ താല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇനിയും എവിടെയെങ്കിലും വീഴ്ചയുണ്ടായി എന്നുപറഞ്ഞാൽ അതിന്മേൽ നടപടിയെടുക്കാൻ തയ്യാറാണ്.

(3) നികുതി പിൻവലിക്കൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഇന്ന് ബീഡി വ്യവസായം. ബീഡിക്ക് 14.5 ശതമാനം നികുതി ചുമത്തിയതിന്റെ ഫലമായി സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ദിനേശ് ബീഡി വ്യവസായം ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ മേഖലയിൽ നിന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്ന നികുതിതന്നെ 15 കോടി രൂപയാണ്. ദിനേശ് ബീഡി സൊസൈറ്റി 8 കോടി രൂപ ഇപ്പോൾ തന്നെ അടച്ചുകഴിഞ്ഞിരിക്കുകയാണ്. എല്ലാ കൂട്ടർക്കും നിശ്ചയിച്ച നികുതി കുറച്ചുകൊടുക്കുന്ന ഈ സർക്കാർ, ഫ്ലാറ്റുകാർക്ക് വരെ കുറച്ചുകൊടുത്തു. ബീഡിക്കാർക്ക് മാത്രം എന്തുകൊണ്ടാണ് കുറച്ചു കൊടുക്കാത്തത്? ബീഡിമേഖലയിലുള്ള ഈ നികുതി പൂർണ്ണമായും ഇല്ലാതാക്കുന്നില്ലെങ്കിൽ ദിനേശ് ബീഡി വ്യവസായം പൂർണ്ണമായും തകരും. അവിടെ ജോലി ചെയ്യുന്ന പതിനായിരത്തോളം തൊഴിലാളികൾ കൂടി തൊഴിൽരഹിതരായി മാറുന്ന അവസ്ഥ വരും. അതുകൊണ്ട് ഈ 15 കോടി രൂപയ്ക്കുവേണ്ടി സർക്കാർ ഈ വ്യവസായത്തെ നശിപ്പിക്കരുത്. തൊഴിലാളികളെ പട്ടിണിയിലിടരുത്. അതുകൊണ്ട് ഈ കാര്യത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 14.5 ശതമാനം നികുതി വേണ്ടെന്ന് വയ്ക്കാൻ സർക്കാർ തയ്യാറാകണം എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞ കാര്യം വളരെ ഗൗരവമുള്ളതാണ്. വളരെ ബുദ്ധിമുട്ടേറിയ സാഹചര്യത്തിലൂടെയാണ് ബീഡി വ്യവസായം കടന്നുപോകുന്നത്. ബീഡി വ്യവസായത്തെ സഹായിക്കുന്നതിനുവേണ്ടി എന്ത് ചെയ്യുന്നതിനും ഗവൺമെന്റ് തയ്യാറാണ്, വരുമാനനഷ്ടം ഒരു പ്രശ്നമേയല്ല. വേണമെങ്കിൽ അത് മുഴുവൻ ഉപേക്ഷിക്കാൻപോലും ഗവൺമെന്റിന് മടിയില്ല. പക്ഷേ ഇതിന് ഒരു മറുവശമുണ്ട്. ഇതിനെ sin goods-ൽപ്പെടുത്തി പരമാവധി നികുതി ചുമത്തണമെന്നുപറഞ്ഞ് ലഹരിവിരുദ്ധ പ്രവർത്തനത്തിലേർപ്പെടുന്നവർ ഈ രാജ്യത്തൊട്ടാകെ ശക്തമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സിഗറ്റിന് ഇപ്പോൾ 30 ശതമാനം നികുതി ഈടാക്കുന്നത്. വരുമാനമല്ല പ്രശ്നം, ഈ ലഹരി ഉപയോഗം കുറയ്ക്കുക എന്നുള്ള ലക്ഷ്യത്തോടു കൂടിയാണ്. ബീഡിയുടെ കാര്യത്തിലും 14.5 ശതമാനമെന്നുള്ളത് വരുമാനത്തെ ലക്ഷ്യമാക്കിക്കൊണ്ടല്ല, മറിച്ച് ശക്തമായ സമ്മർദ്ദം ഇന്ത്യയൊട്ടാകെ നടക്കുന്ന പ്രചരണത്തിന്റെ ഭാഗമായി വന്നിട്ടുണ്ട്. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ സാഹചര്യത്തിൽ അതിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഒന്നുകൂടി പരിശോധിക്കാം. വരുമാന നഷ്ടമായി ഇതിന് ഒരു ബന്ധവുമില്ല, അക്കാര്യത്തിൽ എന്ത് വിട്ടുവീഴ്ച ചെയ്യാനും തയ്യാറാണ്. പക്ഷേ അതിനെതിരെ ശക്തമായ വിമർശനമുണ്ടാകും. അതിന് എത്രവേണം എന്നുള്ളത് മാത്രമാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

(4) ധനസഹായം

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കട്ടച്ചിറയിൽ കഴിഞ്ഞ തിങ്കളാഴ്ച തമിഴ്നാട് സ്വദേശിയായ ഒരാൾ മയക്കുമരുന്നിന്റെ ലഹരിയിലാണോ മാനസിക രോഗിയാണോ എന്നൊന്നും അറിയില്ല, ഒരു മാരകായുധവുമായി വന്ന് കണ്ണിൽ കണ്ടവരെയെല്ലാം വെട്ടി. 7 ആളുകൾക്കാണ് പരിക്കുപറ്റിയത്. ഒരു വൃദ്ധദമ്പതി ഉൾപ്പെടെയുള്ളവരിൽ സ്ത്രീ അപ്പോൾ തന്നെ മരിച്ചു, ഭർത്താവ് ഇന്നലെ മരിച്ചു. ബാക്കി 5 ആളുകളിൽ 4 പേരും സ്ത്രീകളാണ്, ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിലാണ്. അതിൽ ഒരാൾ ഇപ്പോൾ അത്യാസന്നനിലയിലുമാണ്. ഇവരെല്ലാം വളരെ പാവപ്പെട്ടയാളുകളാണ്. എന്തിനുവേണ്ടിയാണ് ഇയാൾ ഇത് ചെയ്തുവെന്നറിയില്ല, അപ്രതീക്ഷിതമായ അക്രമണത്തിലാണ് ഇവർക്ക് പരിക്കുപറ്റിയത്. ഇവരുടെ ചികിത്സാസഹായം ഗവൺമെന്റ് വഹിക്കണം. അവർക്കാവശ്യമായ ധനസഹായവും ചെയ്യണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞ സംഭവം ഏറ്റവും ദു:ഖകരമായ ഒന്നായിപ്പോയി. ഒരു നാടിനെയാകെ ദു:ഖത്തിലാഴ്ത്തിയ, നിരപരാധികളായിട്ടുള്ള നിരവധി പേരെ അക്രമിക്കുകയും രണ്ടുപേർ മരണപ്പെടുകയും ചെയ്ത ഒരു സംഭവമാണ്. ഇക്കാര്യത്തിൽ പ്രതിയെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. സാമ്പത്തിക സഹായവും ചികിത്സാ സഹായവും നൽകുന്നതുസംബന്ധിച്ച്, സാധാരണരീതിയിൽ ഇങ്ങനെയുള്ള കാര്യത്തിൽ കൊടുക്കാറില്ലെങ്കിലും ഇതൊരു പ്രത്യേക കേസായി പരിഗണിക്കാൻ കളക്ടറുടെ റിപ്പോർട്ട് കൂടി വരുത്തി വേണ്ട നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

GPM. 2/235/2020-55

LIBRARY ARCHIVES Kerala Legislative Assembly